പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 39 — 27/09/2011-ൽ മറുപടിക്ക്

# ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. പി. എ. മാധവൻ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇനി എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാനുണ്ടെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ഇനി 86 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ആശ്രയ പദ്ധതി നടപ്പിലാക്കാനുണ്ട്. |
| (ബി) ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നൽകിവരുന്ന സേവനങ്ങളും സഹായങ്ങളും എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) ആശ്രയ പദ്ധതി മുഖാന്തിരം കണ്ടെത്തിയ അഗതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം, അടിസ്ഥാന അവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ സേവനങ്ങൾ നൽകി വരുന്നു. |
| (സി) ആശ്രയപദ്ധതിയിലൂടെ കൂടുതൽ സേവനങ്ങൾ ൻൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) ഉണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങൾക്കു പുറമേ, നട്ടെല്ലിന് ക്ഷതം സംഭവിച്ച് വീടുകളിൽ കിടപ്പിലായ രോഗികളുടെ പുനരധിവാസം സംബന്ധിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ